**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് എരുത്തേൻപതി സെന്റ് പീറ്റേഴ്സ് എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. സബീന കെ.കെ. അവധിയിൽ തുടർന്ന 31.03.2021 മുതൽ 31.05.2021 വരെയുള്ള കാലയളവ് നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2559/2024/GEDN തീയതി, തിരുവനന്തപുരം, 04-04-2024**

---

പരാമർശം:-

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30/01/2020 തീയതിയിലെ ജി1/822/2019/ഡിജിഇ നമ്പർ നടപടിക്രമം.
2. പാലക്കാട് എരുത്തേൻപതി സെന്റ് പീറ്റേഴ്സ് എ യു പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. സബീന കെ.കെ.യുടെ തീയതി രേഖപ്പെടുത്താത്ത അപേക്ഷ.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19/12/2022, 01.07.2023, 10/03/2024 തീയതികളിലെ ജി1/822/2020/ഡിജിഇ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പാലക്കാട് എരുത്തേൻപതി സെന്റ് പീറ്റേഴ്സ് എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. സബീന കെ.കെ.യ്ക്ക് കെ.എസ്.ആർ ഭാഗം I അനുബന്ധം XII A പ്രകാരം അനുവദിച്ച ശൂന്യവേതനാവധി 01/04/2020 മുതൽ 30/03/2021 വരെ ദീർഘിപ്പിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അവധി കഴിഞ്ഞ് വിദ്യാഭ്യാസ വർഷത്തിന്റെ അവസാനം തിരികെ ജോലിയിൽ പ്രവേശിക്കുവാൻ അദ്ധ്യാപകരെ അനുവദിക്കാത്തതിനാൽ 31.03.2021 മുതൽ 31.05.2021 വരെയുള്ള കാലയളവ് കൂടി ശൂന്യവേതനാവധി അനുവദിക്കുന്നതിന് ശ്രീമതി. സബീന കെ.കെ. സമർപ്പിച്ച പരാമർശം 2 അപേക്ഷ പരാമർശം 3-ലെ 19/12/2022 തീയതി കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അനുബന്ധം XII-A പ്രകാരമുള്ള ശൂന്യവേതന അവധിയോടൊപ്പം വെക്കേഷൻ പിൻചേർക്കുവാനാകാത്തതിനാലും അക്കാഡമിക്ക് വർഷത്തിന്റെ അവസാനം തിരികെ പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാലും പാലക്കാട് എരുത്തേൻപതി സെന്റ് പീറ്റേഴ്സ് എ.യു.പി. സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. സബീന കെ.കെ.യുടെ 31.03.2021 മുതൽ 31.05.2021 വരെ ജോലിയിൽ നിന്നും വിട്ടുനിന്ന കാലയളവ് നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചിറ്റൂർ, പാലക്കാട് ജില്ല.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്) കേരള, തിരുവനന്തപുരം.
ശ്രീമതി. സബീന കെ.കെ., അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
സെന്റ് പീറ്റേഴ്സ് എ.യു.പി. സ്കൂൾ, എരുത്തേൻപതി , പാലക്കാട്.
മാനേജർ, സെന്റ് പീറ്റേഴ്സ് എ.യു.പി. സ്കൂൾ, എരുത്തേൻപതി , പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, സെന്റ് പീറ്റേഴ്സ് എ.യു.പി. സ്കൂൾ,
എരുത്തേൻപതി , പാലക്കാട്.
ധനകാര്യ (വിദ്യാഭ്യാസ-എ) വകുപ്പ് (24/02/2023-ലെ
ഇഡിഎൻ-എ2/59/2023/ധന. പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
സെക്ഷൻ ഓഫീസർ
Date: 05-04-2024 10:52:26